

വന്യജീവി ഫോട്ടോഗ്രാഫർ **എൻ.എ. നസീർ**
നടത്തിയ കാടൻ യാത്രകളിലെ ചില വന്യചിന്തകൾ

# കാടും കാഴ്ചയും

"റോഡിനിരുവശവും ആകാശം എത്തി പിടിക്കുന്ന മഹാവൃക്ഷങ്ങൾ, റോഡിൽ നിന്നും വനത്തിലേക്ക് കയറി വനത്തിന്റെ സൈ്വര്യത നശിപ്പിക്കാതിരിക്കാൻ വനാതിർത്തിയിൽ 'ആനവിരട്ടി' ചൊറിയനവും രക്തം കുടിക്കുന്ന അട്ടകളും കാവൽ നിൽക്കുന്നു.

എല്ലാ വനങ്ങളുടേയും അതിരുകളിൽ ഇങ്ങനെ എന്തെങ്കിലും വനത്തിനു കാവൽക്കാരായി നിൽക്കുന്നതു കാണാം.

ഇലപൊഴിയും കാടുകളിൽ മുൾച്ചെടികൾ, മാൻചെള്ളുകൾ, കടിക്കുന്ന ഒരു തരം ചെറു ഈച്ചകൾ, അല്ലെങ്കിൽ കാട് അതിന്റെ അതിരുകളിൽ ആർത്തലച്ചു വളർന്നു ഒരിഞ്ചുപോലും അകത്തളങ്ങളിലേക്ക് പ്രവേശിക്കുവാൻ പറ്റാത്ത തരത്തിൽ ഭിത്തിപോലെ നിലകൊള്ളുന്നു.

"എല്ലാം അതിന്റെ ഏറ്റവും വലിയ ശത്രുവായ മനുഷ്യനെതിരെയാണ്."

l l l

'ഓരോ ജന്തു സസ്യ ജാലങ്ങൾക്കും നമ്മെ തിരിച്ചറിയുവാനുള്ള കഴിവുകൾ ഉണ്ട്. നമ്മളുടെ സ്വഭാവം, മനസ്സ് ഒക്കെ അവ മനസിലാക്കുന്നു. നമ്മളോ അവയെ ബഹുമാനിക്കാതെ, മര്യാദ നല്കാതെ, എല്ലാം അറിയാം എന്ന അഹങ്കാരത്തോടെ കടന്ടനു ചെയ്യുന്നു. അപ്പോൾ തിക്താനുഭവങ്ങളെ ഉണ്ടാകൂ.'

l l l

'മഴക്കാടുകളിൽ പൊഴിയുന്ന ഇലകൾക്കു മരണമില്ല. അവ വളമായി വീണ്ടും വൃക്ഷങ്ങളിലൂടെ പുതു ഇലകളായി പുനർജ്ജനിക്കുന്നു.'

-നടുവിലകത്ത് വീട്, പള്ളിപോർട്ട് പി.ഒ., എറണാകുളം, *naseerart@hotmail.com*